LIBRARY ARCHIVES Kerala Legislative Assembly

**ആദിവാസി മേഖലകളിലെ കമ്പ്യൂട്ടർ വിതരണം**

163(2519) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനത്തിനായി രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികൾ ഡിജിറ്റൽ സൗകര്യമില്ലാതെ വലയുമ്പോൾ 1.20 ലക്ഷം കമ്പ്യൂട്ടറുകൾ വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) സർക്കാർ വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്നതിനുവേണ്ടി വാങ്ങിയ കമ്പ്യൂട്ടറുകളാണോ ഇപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ അടക്കം സൂക്ഷിച്ചിരിക്കുന്നതെന്നറിയിക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് കൈറ്റ് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളിലേയ്ക്കാണ് ഉപകരണങ്ങൾ ലഭ്യമാക്കിയത്. അവ സ്കൂളുകളിൽത്തന്നെ ഉപയോഗിക്കുന്നുണ്ട്.

(സി) എങ്കിൽ ആദിവാസി മേഖലകളിലെ ബാലവിഭവ കേന്ദ്രങ്ങൾക്കും മെന്റർ ടീച്ചർമാർക്കും പ്രസ്തുത കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ആദിവാസി മേഖലകളിലെ ഊരു വിദ്യാകേന്ദ്രങ്ങളിലും അയൽപ്പക്ക പഠന കേന്ദ്രങ്ങളിലും മതിയായ ഡിജിറ്റൽ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ വിദ്യാർത്ഥികളുടെ ഉപരിപഠനം**

164(2520) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലമ്പൂർ മണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട് എന്നറിയിക്കാമോ; ഇതിൽ എത്ര പേർക്കാണ് മുഴുവൻ വിഷയത്തിലും A+ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലമ്പൂർ മണ്ഡലത്തിൽ 4,784 കുട്ടികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ഇതിൽ 1,158 പേർക്ക് മുഴുവൻ വിഷയത്തിലും A+ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മണ്ഡലത്തിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ എത്ര സീറ്റുകൾ വീതമാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

2021-22 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് നിലമ്പൂർ നിയോജകമണ്ഡലത്തിൽ ലഭ്യമായ സീറ്റ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഹയർ സെക്കണ്ടറി സർക്കാർ | - 1,300 |
| എയ്ഡഡ് | - 2,350 |
| അൺഎയ്ഡഡ് | - 439 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി സർക്കാർ | - 90 |
| എയ്ഡഡ് | - 60 |

(സി) ഉപരിപഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനാവസരം ഉറപ്പാക്കാൻ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള സ്ഥാപനങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനോ മറ്റുജില്ലകളിലെ അധികമുള്ള ബാച്ചുകൾ പുനർവിന്യസിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

**ഓൺലൈൻ വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട ആപ്ലിക്കേഷനുകൾ**

165(2521) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ഓൺലൈൻ വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട് വിവിധ മൊബൈൽ ആപ്ലിക്കേഷനുകളും ഓൺലൈൻ ട്യൂഷനുകളും പ്രചരിപ്പിക്കുന്നതും വിൽക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.